**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090** **16-03-2022 - ൽ മറുപടിയ്ക്ക്**

**പോക്സോ അതിവേഗ കോടതികൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതിയ പോക്സോ കോടതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രിൻസിപ്പൽ സെഷൻസ് കോടതികളെയും സംസ്ഥാനത്തെ 14ജില്ലകളിലുമുള്ള അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളെയും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടുന്ന കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികളായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ എറണാകുളം ജില്ലയിലെ മുവാറ്റുപുഴയിൽ പോക്സോ കേസുകൾ വിചാരണ ചെയ്യുന്നതിനു മാത്രമായി പ്രത്യേക കോടതി സ്ഥാപിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ Suo moto Writ Petition (Civil) No.1/2019 ന്റെ 25.07.2019-ലെ ഉത്തരവ് പ്രകാരം പോക്സോ ആക്ടിൻ കീഴിൽ വരുന്ന കേസുകളുംRape കേസുകളും തീർപ്പാക്കുന്നതിന് സംസ്ഥാനത്തിന് 56 പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കേണ്ടതുണ്ട്. ആദ്യഘട്ടമായി സർക്കാർ 28 അതിവേഗ പ്രത്യേക കോടതികൾ ആരംഭിച്ചു. ഇതിൽ 14 കോടതികളെ പോക്സോ കേസുകൾക്കു മാത്രമായുള്ള പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവ എത്രയുംവേഗം പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | പോക്സോ അതിവേഗ കോടതികളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പോക്സോ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഈ കോടതികൾ ആരംഭിച്ചിട്ടുള്ളത്. ഇവയുടെ കാലാവധി രണ്ടു വർഷക്കാലം മാത്രമാണ്. ഈ അതിവേഗ പ്രത്യേക കോടതികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം കണക്കിലെടുത്താണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കോടതികളിൽ കൂടുതൽ തസ്തികകൾ | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ